# ജനകീയ സമരങ്ങള്‍ വിജയപാതയില്‍

**എം. സുലൈമാന്‍** (സോളിഡാരിറ്റി പാലക്കാട് ജില്ലാ പ്രസിഡന്റ്)

**ജനകീയ** സമരങ്ങളാല്‍ പ്രക്ഷുബ്ധമായ പാലക്കാട് ജില്ലയില്‍, സമരങ്ങള്‍ പലതും വിജയത്തിലേക്ക് നീങ്ങുന്നു എന്ന പ്രത്യാശയോടെയാണ് കഴിഞ്ഞമാസം കടന്നുപോയത്. സോളിഡാരിറ്റി തുടക്കം മുതലേ പാലക്കാട്ടെ പോരാട്ട ഭൂമികളിലെ നിത്യ സാന്നിധ്യമാണ്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സോളിഡാരിറ്റിയുടെ നേതൃത്വത്തിലും സഹകരണത്തിലുമായി ഒട്ടേറെ പോരാട്ടങ്ങള്‍ നടന്നു വരുന്നു. അവയെക്കുറിച്ച സംക്ഷിപ്ത വിവരണമാണ് താഴെ.

### പ്ലാച്ചിമട കോളവിരുദ്ധ സമരം

സോളിഡാരിറ്റിയുടെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിലെ ഏറ്റവും സജീവമായ ഇടപെടലാണ് പ്ലാച്ചിമടയിലേത്. കുടിവെള്ളം ഊറ്റിയെടുത്ത് വരള്‍ച്ചയിലേക്ക് തള്ളിയിടുകയും പരിസരം മലിനീകരിച്ച് ആവാസവ്യവസ്ഥയെ താറുമാറാക്കുകയും ചെയ്ത കുത്തകഭീമനെ സാധാരണക്കാരായ ആദിവാസി സ്ത്രീകളുടെ നേതൃത്വത്തില്‍ ഒരു സംഘം നിരക്ഷരര്‍ മുട്ടുകുത്തിച്ചു എന്നത് ചരിത്രത്തിലെ വിസ്മയകാഴ്ചയാണ്. കരുത്തുപകരാന്‍ കഴിഞ്ഞ 8 വര്‍ഷമായി സോളിഡാരിറ്റി അവരോടൊപ്പമുണ്ട്. മാറി വരുന്ന ഭരണ സമവാക്യങ്ങള്‍ക്കൊത്ത് നിലപാടുകള്‍ മാറ്റുന്ന കപട രാഷ്ട്രീയക്കാര്‍ക്കും, അവര്‍ണരെ പുഛത്തോടെ കാണുന്ന ഉദ്യോഗസ്ഥ വൃന്ദത്തിനും അവരുടെ പേരില്‍ സമരം നടത്താനെന്ന പേരില്‍ ഫണ്ട് സ്വരൂപിച്ച് മുങ്ങുന്ന കടലാസ് സംഘടനകള്‍ക്കും ഇടയില്‍ ഉറച്ച ആദര്‍ശ ഭൂമികയില്‍ നിലയുറപ്പിച്ച് ഈ അതിജീവന സമരത്തെ ദിശ തെറ്റാതെ മുന്നോട്ട് നയിക്കാന്‍ സോളിഡാരിറ്റിക്ക് കഴിഞ്ഞു.

ഇടതു സര്‍ക്കാര്‍ അധികാരമേറ്റ ശേഷം നടത്തിയ കോള നിരോധന പ്രഹസനം കേട്ട് സമരനായിക മയിലമ്മയും വേലൂര്‍ സ്വാമിനാഥനും സമരത്തെ തള്ളിപ്പറഞ്ഞപ്പോഴും പൂട്ടികിടക്കുന്ന കമ്പനിക്കു മുന്നില്‍ നടക്കുന്ന പരിഹാസ്യ സമരമെന്ന് അധിക്ഷേപിച്ചപ്പോഴും ലക്ഷ്യം പൂര്‍ത്തിയാക്കാതെ മടങ്ങില്ലെന്ന് പ്രഖ്യാപിച്ച് മുന്നോട്ട് പോവുകയായിരുന്നു സോളിഡാരിറ്റി. ഒരു പിടി അരിയും ഒരു കുടം വെള്ളവും നല്‍കി ലോകജനതമുന്നില്‍ ഈ സമരത്തെ നെഞ്ചേറ്റുകയായിരുന്നു. നഷ്ടപരിഹാരം ഈടാക്കി കോളയെ നാടുകടത്തുക എന്ന അവസാന ലക്ഷ്യവും പൂര്‍ത്തിയാക്കാതെ സമരഭൂമിയില്‍നിന്ന് പിന്മാറില്ലെന്ന് സംഘടന ഉറക്കെ പ്രഖ്യാപിച്ചു.

### മീന്‍വല്ലം ചെറുകിട ജലവൈദ്യുത പദ്ധതി

ദേശീയ തലത്തില്‍ തന്നെ ആദ്യമായി ഒരു ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന ജലവൈദ്യുത പദ്ധതി എന്ന കൊട്ടും കുരവയുമായി രംഗത്തുവന്ന പദ്ധതിയാണ് മീന്‍വല്ലം. പദ്ധതിക്കുവേണ്ടി പെന്‍സ്റ്റോക്ക് പൈപ്പും ജനറേറ്ററുമടക്കം സാധനസാമഗ്രികള്‍ക്കായി കോടി ചെലവിട്ടും, പൈപ്പ് പോകുന്നതിനായി കാട്ടിലെ മരങ്ങള്‍ മുറിച്ചു മാറ്റിയും അന്നത്തെ വൈദ്യുത മന്ത്രി എസ്. ശര്‍മയാണ് പദ്ധതിക്ക് തറക്കല്ലിട്ടത്. രാഷ്ട്രീയക്കാരുടെ പാരവെപ്പുകളാലും ഉദ്യോഗസ്ഥ കെടുകാ

ര്യസ്ഥതയാലും പദ്ധതി യാഥാർഥ്യമായില്ല. തടസ്സങ്ങൾ നീക്കി പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ട് സോളിഡാരിറ്റി രംഗത്തിറങ്ങി. മാധ്യമങ്ങളിലൂടെയും നിരവധി പ്രക്ഷോഭ ജാഥകളിലൂടെയും ജനകീയ സമരമാക്കി അതിനെ വളർത്തി. നിരന്തരം മന്ത്രിമാരെ കണ്ട് വിഷയത്തിന്റെ ഗൗരവം ധരിപ്പിച്ചു. ഒടുവിൽ ഈ സമരവും വിജയത്തിലേക്ക് നീങ്ങുകയാണ്. സോളിഡാരിറ്റിയുടെ പോരാട്ട ഭൂമികയിൽ തിളങ്ങുന്ന മറ്റൊരു നാഴികക്കല്ല്. 2010 ഏപ്രിൽ 11–ന് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമാണോദ്ഘാടനം നടന്നു.

### ചെമ്മണാംതോട് കോളനി സമരം

23 വർഷത്തിലധികമായി പട്ടയമോ ഔദ്യോഗിക രേഖകളോ ഇല്ലാതെ കഷ്ടപ്പെടുന്ന ചെമ്മണാംതോട് നിവാസികൾക്ക് സോളിഡാരിറ്റി തുണയായി. വെളിച്ചമോ കുടിവെള്ളമോ ഇവിടെ ഇല്ല. കോളനിക്കാരെ വർഷങ്ങളായി പഞ്ചായത്തും ഹൗസിംഗ് ബോർഡും കബളിപ്പിക്കുകയായിരുന്നു. രാഷ്ട്രീയക്കാരും ഇവരെ തിരിഞ്ഞ് നോക്കിയില്ല. വില്ലേജ് ഓഫീസിനു മുന്നിൽ സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ 24 ദിവസം നീണ്ടുനിന്ന ശക്തമായ സമരം അധികാരികളുടെ ഉറക്കം കെടുത്തി. 2010 ഫെബ്രുവരി 28ന് സമ്പൂർണ വൈദ്യുതീകരണ ജില്ലാ പ്രഖ്യാപന വേദിയിലേക്ക് മാർച്ച് നടത്തുമെന്ന് സമരസമിതിയുടെ പ്രഖ്യാപനം അധികൃതരെ വെട്ടിലാക്കി. അർധരാത്രി തന്നെ കോളനിയിൽ വൈദ്യുതിയെത്തി. 23 വർഷമായിട്ടും നടപ്പാവാത്ത നീതിയാണ് സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ ജനകീയ സമരത്തിലൂടെ നേടിയെടുത്തത്.

### മേപ്പറമ്പ്–കാവിൽപ്പാട് ബൈപാസ്

ഗതാഗതക്കുരുക്കിൽ ഇത്രയധികം വീർപ്പുമുട്ടുന്ന നഗരം പാലക്കാടിനെപോലെ മറ്റൊന്നുണ്ടോയെന്ന് സംശയം. ഇതിന് പരിഹാരമായാണ് മേപ്പറമ്പ്–കാവിൽപ്പാട് ബൈപാസ് നിർമാണം 5 വർഷം മുമ്പ് ആരംഭിച്ചത്. പക്ഷേ എങ്ങുമെത്തിയില്ല. സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ രൂപവത്കരിച്ച സമരസമിതി നടത്തിയ പ്രക്ഷോഭങ്ങൾക്കൊടുവിൽ പാലക്കാട് എം.എൽ.എ സർക്കാറിൽ സമ്മർദം ചെലുത്തി 50 ലക്ഷം രൂപ റോഡ് നിർമാണത്തിനായി വകയിരുത്തി.

### ഞാവുളിൻകടവ് കുടിവെള്ള പദ്ധതി

വേനലിൽ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്ന പത്തിരിപാല നിവാസികൾക്ക് ആശ്വാസമായാണ് ഞാവുളിൻ കടവ് കുടിവെള്ള പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. പദ്ധതി യാഥാർഥ്യമായാൽ ആയിരങ്ങൾക്ക് അനുഗ്രഹമാകും. റെയിൽവെ ക്രോസ് ഉള്ളതിനാൽ പദ്ധതി പാതിവഴിയിൽ മുടങ്ങി. ഏതാനും മാസം മുമ്പാണ് സോളിഡാരിറ്റി അതിലിടപെടുന്നത്. നിരന്തരം ഓഫീസുകൾ കയറിയിറങ്ങിയിട്ടും അധികാരികളെ കണ്ട് കാര്യങ്ങൾ ധരിപ്പിച്ചും ഒടുവിൽ റെയിൽവെ ക്രോസിലൂടെ പൈപ്പിടാൻ അനുമതിയായി

സോളിഡാരിറ്റി പ്രവർത്തകരുടെ സമർപ്പണവും ത്യാഗവും നാട്ടുകാരുടെ ഉള്ളുതുറന്ന സഹകരണവും കൊണ്ട് മാത്രമാണ് ഈ സമരങ്ങൾ വിജയപാതയിലെത്തിയത്. ■

# കണ്ണൂരിലെ കള്ളുഷാപ്പ് വിരുദ്ധ സമരം

## അഡ്വ. കെ.എൽ അബ്ദുൽ സലാം കണ്ണൂർ

**കണ്ണൂർ** തെക്കീ ബസാറിൽ കള്ളുഷാപ്പിനെതിരെ തദ്ദേശവാസികൾ ആരംഭിച്ച സമരം ഒരു ബഹുജന പ്രക്ഷോഭമായി മാറുകയുണ്ടായി. കിനാലൂർ സമരവുമായി ഇതിന് ചില സാമ്യങ്ങൾ ഉണ്ട്. ഇരു സമരങ്ങളും ഇരകൾ തുടങ്ങിവെച്ച് ജനങ്ങൾ ഏറ്റെടുത്തവയാണ്. ഇരു സമരങ്ങളിലും ജനവിരുദ്ധപക്ഷത്തുള്ളത് അവരുടെ പാർട്ടിയുമാണ്. മറുപക്ഷത്ത്, മിക്ക രാഷ്ട്രീയ, സാമൂഹിക, മത രംഗങ്ങളിലുള്ളവരും പൊതുജനങ്ങളുമാണ്. രണ്ട് സമരങ്ങളും ഭരണകൂടവും പാർട്ടിക്കാരും ചേർന്ന് ക്രൂരമായി ആക്രമിച്ചതും ഒരേ ദിവസം തന്നെ!

കണ്ണൂർ ടൗണിൽ നാഷ്നൽ ഹൈവേക്ക് തൊട്ട് പാവപ്പെട്ട 45-ഓളം യാദവ കുടുംബങ്ങൾ തിങ്ങിത്താമസിക്കുന്നതിന്റെ നടവിലാണ് കള്ളുഷാപ്പ് തുടങ്ങിയത്. വീട്ടുമുറ്റത്തെ കള്ളുഷാപ്പ് മാറ്റുക എന്നതാണ് സമരക്കാരുയർത്തിയ മുദ്രാവാക്യം. തൊട്ടടുത്ത വീട്ടുകാരി ശശികലയാണ് സമരനായിക. അവർ തുടങ്ങിവെച്ച സമരം മറ്റുള്ളവർ ഏറ്റെടുക്കുകയായിരുന്നു.

ഒരു വീട് കൊമേഴ്സ്യൽ ബിൽഡിംഗ് ആക്കിയും കള്ളുഷാപ്പിനുള്ള ലൈസൻസ് ഫീസടച്ചും നടത്താൻ ഉദ്ദേശിച്ച 'ഷാപ്പ്' പക്ഷേ, ജനരോഷം കാരണം 53 ദിവസം തുടർച്ചയായി പൂട്ടിയിടേണ്ടി വന്നു. ശശികല സമരം തുടങ്ങിയ വാർത്ത പത്രത്തിൽ വന്നതോടുകൂടി ജനക്ഷേമസമിതി നേതാക്കളും മദ്യ നിരോധന സമിതി നേതാക്കളും ഓടിയെത്തി അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. പിറ്റേന്ന് മുതൽ ജനപ്രവാഹമായിരുന്നു. കേരളത്തിലെ ഒട്ടുമിക്ക ചാനലുകളും പത്രങ്ങളും സമരം നിരന്തരമായി റിപ്പോർട്ട് ചെയ്തു. മിക്ക പത്രങ്ങളും നല്ല കവറേജ് നൽകി.

സംഘടനാഭേദമന്യേ മതനേതാക്കളും രാഷ്ട്രീയ, സാമൂഹിക സംഘടനകളും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ വി. മുരളീധരൻ, ജില്ലാ പ്രസിഡന്റ് രഞ്ജിത്ത്, മഹിള മോർച്ച സംസ്ഥാന പ്രസിഡന്റ് ശോഭ സുരേന്ദ്രൻ, മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന അധ്യക്ഷൻ കെ.എം ഷാജി, മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് വി.കെ അബ്ദുൽ ഖാദർ മൗലവി, സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്‌മാൻ, വൈസ് പ്രസിഡന്റ് കെ.എ ഷഫീഖ്, ജില്ലാ പ്രസിഡന്റ് കെ.എം മഖ്ബൂൽ, കോൺഗ്രസ് നിയമസഭാ കമ്മിറ്റി ഉപനേതാവ് ജി. കാർത്തികേയൻ, ജില്ലാ പ്രസിഡന്റ് പി. രാമകൃഷ്ണൻ, യു.ഡി.എഫ് ചെയർമാൻ അഡ്വ. സണ്ണി ജോസഫ്, കെ. സുധാകരൻ എം.പി, എ.പി അബ്ദുല്ലക്കുട്ടി എം.എൽ.എ, ജനതാദൾ സംസ്ഥാന അധ്യക്ഷൻ എം.പി. വീരേന്ദ്രകുമാർ, യുവ ജനതാദൾ നേതാവ് ഷെയ്ഖ് പി. ഹാരിസ്, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, ജില്ലാ പ്രസിഡന്റ് ടി.കെ മുഹമ്മദലി എന്നു തുടങ്ങി വിവിധ രാഷ്ട്രീയ സാമൂഹിക മത സംഘടനാ നേതാക്കൾ നേരിട്ട് വന്ന് സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെയും മുജാഹിദ് ഇരു വിഭാഗത്തിന്റെയും നേതാക്കളും പ്രവർത്തകരും ഐക്യദാർഢ്യം പ്രഖ്യാപിച്ചവരിൽ പെടുന്നു.

എല്ലാ സംഘടനാ നേതാക്കളും ചേർന്ന് രൂപവത്കരിച്ച സമരസഹായ സമിതിയുടെ ചെയർമാനായി ഈ കുറിപ്പുകാരനെ തെരഞ്ഞെടുത്തിരുന്നു. അതിനാൽ സജീവമായി പ്രവർത്തിക്കാൻ അവസരം കിട്ടി. എസ്.ഡി.പി.ഐ, ബി.ജെ.പി, ആർ.എസ്.എസ്, യുവജന മോർച്ച, മുസ്‌ലിം ലീഗ്, സി.എം.പി, എസ്.യു.സി.ഐ, മനുഷ്യാവകാശ സംരക്ഷണ സമിതി ജനതാദൾ, ജമാഅത്തെ ഇസ്‌ലാമി, സോളിഡാരിറ്റി, കേരള കോൺഗ്രസ് ബാലകൃഷ്ണപിള്ള ഗ്രൂപ്പ് തുടങ്ങി ഒട്ടുമിക്ക സംഘടനകളുടെയും ജില്ലാ നേതാക്കന്മാർ ഉൾക്കൊള്ളുന്നതാണ് സമര സഹായ സമിതി. എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ച്, സംഘടനകൾ സഹായ സഹകരണങ്ങൾ നൽകി.

സമരപന്തലിൽ മാത്രമായിരുന്നില്ല പ്രവർത്തനം. കലക്ടറേറ്റ് മാർച്ച്, കലക്ടറുടെ വസതിയിലേക്ക് വീട്ടമ്മമാരുടെ പരിദേവന മാർച്ച്, വായ മൂടി കെട്ടി സ്ത്രീകളുടെ പ്രകടനം, റിലേ സത്യഗ്രഹം, കലക്ടർ മാമന് നിവേദനം കൊടുക്കാൻ ഈ പ്രദേശത്തെ പിഞ്ചു കുട്ടികളുടെ വക കലക്ടറേറ്റിലേക്ക് പ്രകടനം, അയൽക്കൂട്ട ബോധവത്കരണ ക്ലാസ്, വിശദീകരണ യോഗങ്ങൾ, പത്രസമ്മേളനം, മുഖ്യമന്ത്രിക്ക് നൂറുകണക്കിന് പോസ്റ്റ് കാർഡുകൾ, പ്രമുഖ രാഷ്ട്രീയ സാമൂഹിക നേതാക്കളുടെ സംയുക്ത പ്രസ്താവന, മുഖമന്ത്രിക്ക് നേരിട്ടുള്ള നിവേദനം, എക്സൈസ് മന്ത്രിക്കും എക്സൈസ് കമീഷണർക്കും നേരിട്ടുള്ള നിവേദനം, കലക്ടർക്കും എസ്.പിക്കും എ.ഡി.എമ്മിനും നേരിട്ടുള്ള നിവേദനങ്ങൾ സമർപ്പിക്കൽ, കോടതിയിൽ ഹരജി ബോധിപ്പിക്കൽ തുടങ്ങി ബഹുമുഖ സമരമുറകളാണ് 53 ദിവസം നീണ്ട സമരത്തിന്റെ ഭാഗമായി നടത്തിയത്.

കള്ളുഷാപ്പിന് തൊട്ട് പന്തൽകെട്ടി കള്ളുഷാപ്പ് തുറക്കുന്നതിനെതിരെ നടത്തിയ സമരത്തെ എതിർത്ത് സി.ഐ.ടി.യുവിന്റെ നേതൃത്വത്തിലുള്ള കള്ള് ചെത്ത് തൊഴിലാളികൾ പ്രകടനം നടത്തി പ്രകോപനമുണ്ടാക്കാൻ തുടങ്ങി. സമരക്കാരുടെയും തൊഴിലാളി യൂനിയന്റെയും പ്രകടനങ്ങൾ പല ദിവസങ്ങളിലും കൂട്ടിമുട്ടി. യാതൊരു കുലുക്കവും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടായില്ല. മാത്രമല്ല, അധികാരികളുടെ ഒത്താശയോടെ മെയ് ഏഴിന് രാവിലെ തൊഴിലാളികൾ പ്രകടനമായി വന്ന് സ്ത്രീകളടങ്ങുന്ന സമരക്കാരെ നിഷ്ഠുരം ആക്രമിച്ചു. പന്തൽ തല്ലിപ്പൊളിച്ചു. പലരും പരിക്ക് പറ്റി

ആശുപത്രിയിലായി. അതോടു കൂടി സമരം ശക്തിയാർജിച്ചു. ജില്ലയുടെ പല ഭാഗങ്ങളിൽനിന്ന് ജനം സമരമുഖത്തേക്ക് വരാൻ തുടങ്ങി. പിന്നീട്, കണ്ണൂർ ഇതുവരെ കാണാത്ത ശക്തമായ സംയുക്ത സമരമായിരുന്നു അത്. ആക്രമണം നടന്ന പിറ്റേ ദിവസം യു.ഡി.എഫും ബി.ജെ.പിയും സംയുക്തമായി മുനിസിപ്പൽ പ്രദേശത്ത് ഹർത്താൽ പ്രഖ്യാപിച്ചു.

ഒടുവിൽ ഭരണകൂടം പൊതുജന താൽപര്യത്തിന് വഴങ്ങി മാരത്തോൺ ചർച്ച നടത്തി. മെയ് 12ന് രാത്രി വൈകി കലക്ടറേറ്റിൽ ചേർന്ന സർവകക്ഷിയോഗത്തിൽ സമരനേതാക്കളും സൊസൈറ്റിയുടെയും സി.ഐ.ടി.യുവിന്റെയും നേതാക്കളും കലക്ടറുടെ അധികാരമുള്ള എ.ഡി.എമ്മും സ്ഥലം എം.പി സുധാരകനും പങ്കെടുത്തു. കള്ളുഷാപ്പ് നിലവിലുള്ള ബിൽഡിംഗിൽനിന്ന് മാറ്റാനും സമരം തൽക്കാലം നിർത്തിവെക്കാനും ധാരണയായി.

തീരുമാനപ്രകാരം കള്ളുഷാപ്പ് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിന് കെട്ടിടം കണ്ടുപിടിക്കാൻ സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഒരു മാസത്തിനകം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റാൻ സർവകക്ഷി ഉപസമിതിയെ യോഗം അധികാരപ്പെടുത്തി. ബി.ജെ.പി ജില്ലാ പ്രസിഡന്റ്, സി.പി.ഐ ജില്ലാ സെക്രട്ടറി, മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി, യു.ഡി.എഫ് ചെയർമാൻ എന്നിവരടങ്ങുന്നതാണ് സർവകക്ഷി ഉപസമിതി. മറ്റൊരു സ്ഥലത്തേക്ക് കള്ള്ഷാപ്പ് മാറ്റുന്നത് വരെ സമരസഹായ സമിതിയുടെ പ്രവർത്തനം തുടരുമെന്നാണ് കമ്മിറ്റി തീരുമാനം. ■